Volume 9 (1) March 2022 ISSN: 2348 - 7984

# JOURNAL OF dbct

Biannual Peer reviewed Multi Disciplinary Journal



Devaswom Board College, Thalayolaparambu

# Content

NONHOLONOMIC FINSLER FRAMES FOR FINSLER SPACES WITH SPECIAL (α, β) – METRIC ....3

Sruthy Asha Baby

. TOWARDS A WORKABLE RIGHT TO WORK IN INDIA ....11

Dr. Meenakumary S.

. SEXUAL HARASSMENT AT WORKPLACE IN INDIA : AN INTROSPECTION INTO "THE SEXUAL HARASSMENT AT WORKPLACE (PREVENTION, PROHIBITION AND REDRESSAL) ACT, 2013" ....30

Dr. Money Veena. V. R.

. മലബാർ ലഹള കഴിഞ്ഞ കാലത്തിലൂടെ ഒരു പുനർ വായന ....43

Dr. Jomon jose

. പെരുന്തച്ചൻ മിത്തിന്റെ ആഖ്യാനം മലയാള കവിതകളിൽ ....50

Anupama K. K.

6. മലയാളിയുടെ യാഥാർത്ഥ്യലോകം: ഒരു ടെലിവിഷൻ വിചാരം ....63

Dr. Shyla Abraham

7. പെണ്ണുടലുകൾ തീർക്കുന്ന പ്രതിരോധം ....73

Dr. Nataksha Sebastian

8. भूले बिसरे चित्र 'में प्रतिबिंबित भारतीय समाजिक-संस्कृतिक जीवन की झांकी ....80

Dr. Deepa Kumari

9. हिंदी साहित्य में नारी की विभिन्न भूमिकाएँ ....84

Dr. Ajay G. Kammath

JOURNAL of dbct

ISSN 2348-7984

# മലബാർ ലഹള കഴിഞ്ഞ കാലത്തിലൂടെ ഒരു പുനർ വായന

Dr. Jomol Jose

*Assistant professor*
*Department of Malayalam,*
*St. Aloysius College, Edathua*

## മലബാറിലെ ദേശീയപ്രസ്ഥാനം

ആനിബസന്റിന്റെ ഹോംറൂൾ പ്രസ്ഥാനത്തോടുകൂടിയാണ് മലബാറിൽ രാഷ്ട്രീയമുന്നേറ്റം ആരംഭിച്ചത് കെ.പി.കേശവമേനോൻ ഇംഗ്ലണ്ടിൽ നിന്ന് ബാരിസ്റ്റർ പരീക്ഷ പാസായി കോഴിക്കോട് തിരിച്ചെത്തിയതും. പ്രാക്ടീസ് ആരംഭിച്ചതും ആയിടയ്ക്കാണ്. ഹോംറൂൾ ലീഗിന്റെ ഒരു ശാഖ കെ.പി. കേശവമേനോൻ സെക്രട്ടറിയായി 1915ൽ കോഴിക്കോട് സ്ഥാപിക്കപ്പെട്ടു. മഞ്ചേരി രാമയ്യരായിരുന്നു മലബാർ ഹോംറൂൾ ലീഗിന്റെ പ്രസിഡന്റ്. മലബാർ പ്രദേശത്ത് നിസ്സഹകരണപ്രസ്ഥാനം ശക്തിപ്പെട്ടു. സ്വാഭാവികമായി ഗവൺമെന്റ് അറസ്റ്റ് നടപടികളുമായി രംഗത്തെത്തി. മൊയ്തീൻകോയ, ഗോപാലമേനോൻ, കെ.മാധവൻ നായർ, യാക്കൂബ് ഹസ്സൻ എന്നിവരുടെ അറസ്റ്റിനെതുടർന്ന് കേശവമേനോൻ മദിരാശിയിലെ പ്രാക്ടീസ് ഉപേക്ഷിക്കുകയും മുഴുവൻസമയ രാഷ്ട്രീയപ്രവർത്തനത്തിലേയ്ക്ക് കടക്കുകയും ചെയ്തു. കെ.മാധവൻ നായരുടെ കോഴിക്കോട്ടെ വീട്ടിൽ താമസിച്ചുകൊണ്ട് കെ.പി.കേശവമേനോൻ കോൺഗ്രസ്സ് പ്രവർത്തനങ്ങൾ തുടർന്നു. വി.യു.ഗോവിന്ദൻ നായർ, എം.പി.നാരായണമേനോൻ, ടി.ആർ.കൃഷ്ണസ്വാമി അയ്യർ, പി.അച്ച്യുതൻ, കെ.കേശവൻനായർ, ടി.വി.സുന്ദരയ്യർ, അമ്പലക്കാട്ട് കരുണാകരമേനോൻ തുടങ്ങി ഒട്ടേറെ അഭിഭാഷകർ പ്രാക്ടീസ് ഉപേക്ഷിച്ച് കോൺഗ്രസ്സിന്റെ പ്രവർത്തനപരിപാടികളിൽ കെ.പി.കേശവമേനോനോട് ചേർന്നുനിന്നു. മുഹമ്മദ് അബ്ദുറഹ്മാൻ, ടി.വി.ചാത്തുക്കുട്ടി നായർ, എസ്.കെ.കോമ്പ്രബെയിൻ, ചാത്തുണ്ണി, കെ.കേളപ്പൻ, എ.കെ.പിള്ള തുടങ്ങിയ യുവപ്രവർത്തകർ കോൺഗ്രസ്സിന് ഏറെ ശക്തിപകർന്നു.

പോലീസുകാരുടെ അപ്രീതി വകവയ്ക്കാതെ നടന്ന യോഗങ്ങൾ, ജാഥകൾ, പ്രകടനങ്ങൾ ഇവയൊക്കെ മലബാറിലെ രാഷ്ട്രീയ രംഗത്തെ കൂടുതൽ ഊഷ്മളമാക്കി. കോൺഗ്രസിന്റെ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിന് ഇക്കാലത്ത് മുൻഗണന നല്കിയിട്ടുണ്ട് (1) എന്ന് കോൺഗ്രസിന്റെ ചരിത്രം രചിച്ച

എ കെ പിള്ള എഴുതി. കാലത്ത് 7 മണിമുതൽ 10 മണിവരെ കേശവമേനോൻ കോൺഗ്രസ്സ് പ്രവർത്തകർക്ക് ക്ലാസുകൾ എടുത്തു. ഇന്ത്യാചരിത്രം, ലോകചരിത്രം, കോൺഗ്രസ്സിന്റെ ചരിത്രം, പ്രമുഖ നേതാക്കളുടെ ജീവചരിത്രങ്ങൾ ഇവ പാഠ്യവിഷയങ്ങളായി. നിസ്സഹകരണ പ്രസ്ഥാനത്തിൽ ഉത്സാഹപൂർവ്വം പ്രവർത്തിച്ച എ കെ പിള്ള, മുഹമ്മദ് അബ്ദുറഹ്മാൻ, ഇ.മൊയ്തുമൗലവി, മുഹമ്മദ് മുസലിയാർ, കോമുക്കുട്ടി മൗലവി,കൊല്ലത്തെ പരീത് സാഹിബ്, തിരുവല്ലയിലെ കുരുവിള മാത്യു, ചിറ്റേടത്തു ശങ്കുപ്പിള്ള, കെ.പി. അപ്പനായർ, പി.രാമുണ്ണി മേനോൻ തുടങ്ങിയ പേരുകൾ കേശവമേനോൻ എടുത്തുപറയുന്നു. മലബാറിൽ കോൺഗ്രസിന് കേശവമേനോൻ പണിത അടിത്തറയാണ് മലബാറിൽ ദേശീയമുന്നേറ്റങ്ങൾക്ക് ശക്തി പകർന്നത്. മലബാർ കലാപത്തിന്റെ ദുരന്തങ്ങൾക്കിടയിൽ കോൺഗ്രസ്സിന് പിടിച്ചുനിൽക്കാൻ സഹായകമായതും മേനോന്റെ അനിഷേധ്യനേതൃത്വം തന്നെ. ഇംഗ്ലീഷ് അധിനിവേശത്തിന്റെ ആരംഭം മുതൽ മലബാറിൽ അവർ കൈക്കൊണ്ട സാമ്പത്തിക ചൂഷണങ്ങൾ മലബാർ കലാപങ്ങളിലേയ്ക്ക് ജനങ്ങളെ വലിച്ചിഴച്ചു. സമുദായങ്ങളെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് നയത്തിന് തിരിച്ചടിയായി കോൺഗ്രസ്സും മുസ്ലിംലീഗും തമ്മിൽ അടുത്തു. പാലക്കാട് ജില്ലാ കോൺഗ്രസ്സ് സെക്രട്ടറി എന്ന നിലയിൽ മലബാറിലെ സമാധാനപുനഃസ്ഥാപനം കേശവമേനോന്റെ ചുമലിൽ അമർന്നു.

## മലബാർ കലാപങ്ങളിലെ മധ്യസ്ഥൻ

1857 - 58 ലെ ഒന്നാം സ്വാതന്ത്ര്യസമരമെന്നറിയപ്പെടുന്ന ശിപായിലഹളയ്ക്കുശേഷം ബ്രിട്ടീഷധിനിവേശത്തിനെതിരെ ഇന്ത്യയിൽ നടന്ന ഏറ്റവും രൂക്ഷമായ കലാപമായിരുന്നു മലബാർ കലാപം (2). മലബാറിൽ ഇംഗ്ലീഷുകാർ സൃഷ്ടിച്ചെടുത്ത സാമ്പത്തിക, രാഷ്ട്രീയ സാഹചര്യങ്ങളോട് തദ്ദേശവാസികളുടെ പ്രതികരണമായിരുന്നു ഇംഗ്ലീഷ് ഭരണത്തിൻകീഴിലുണ്ടായ ഈ കലാപങ്ങൾ, മലബാറിലെ സമാധാനശ്രമങ്ങൾക്ക് ചുക്കാൻ പിടിച്ച വ്യക്തിയെന്ന നിലയിൽ കേശവമേനോന്റെ ആത്മകഥയിൽ മലബാർ കലാപങ്ങളുടെ ദൃക്സാക്ഷിവിവരണം തന്നെ കാണാം.

മൈസൂർ സുൽത്താന്മാരുടെ ആക്രമണസമയത്ത് മലബാർ വിട്ടുപോയ ജന്മിമാരും നാട്ടുരാജാക്കന്മാരും തിരികെയെത്തി, തങ്ങളുടെ പരമ്പരാഗത അവകാശങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ട് അവർ കമ്പനിയുമായി ഉടമ്പടികൾ ഉണ്ടാക്കി. ഇത് മുസ്ലീം കർഷകരെ അതൃപ്തരാക്കി. ജന്മിമാരെ ഭുവുടമകളായും കുടിയാ

ഭൂമി ഉടമകളുടെ പാട്ടക്കാരാക്കുകയും ചെയ്യുന്ന യൂറോപ്യൻ സമ്പ്രദായത്തോട് മുസ്ലീങ്ങൾക്ക് യോജിക്കുവാൻ സാധിച്ചില്ല [3] മലബാറിലെ കാർഷിക മേഖലകളായ ഏറനാട്ടിലെയും വള്ളുവനാട്ടിലെയും കർഷകരുടെ അസംതൃപ്തിയും അസ്വസ്ഥതയും അല്പം പോലും പരിഗണിക്കുന്ന നയമായിരുന്നില്ല കമ്പനിയുടേത്. അവരുടെമേൽ അടിക്കടി അടിച്ചേൽപ്പിക്കപ്പെടുന്ന നികുതിഭാരങ്ങൾ കർഷകജീവിതം ദുസ്സഹമാക്കിത്തീർത്തു. കർഷകന്റെ തീർത്താലും തീരാത്ത കടബാധ്യതകൾ, പട്ടിണിയുടെ വക്കത്തുള്ള ജീവിതം, ഭൂമിയിൽ നിന്ന് ഒഴിപ്പിക്കുമെന്ന തുടർച്ചയായ ഭീഷണി. ജന്മിമാരുടെ അധികാരദുർവിനിയോഗം ഇവയൊക്കെയായിരുന്നു കലാപങ്ങളുടെ അടിവേരുകൾ ആയി പ്രവർത്തിച്ചത് എന്ന് കേശവമേനോൻ ആത്മകഥയിൽ നിരീക്ഷിക്കുന്നു. ലഹളയുടെ അടിസ്ഥാനകാരണം മതഭ്രാന്ത് ആണെന്ന വിലയിരുത്തലുകളും കുറ്റപ്പെടുത്തലുകളുമാണ് ലഹളക്കാർക്ക് അഭിമുഖീകരിക്കേണ്ടി വന്നത് എന്ന് അദ്ദേഹം വ്യസനിക്കുന്നു. മതാധികാരികളുടെയും പുരോഹിതൻമാരുടെയും മതതീവ്രവാദം കൊണ്ട് വിശ്വാസികൾ നടത്തുന്നതാണ് കലാപങ്ങൾ എന്ന് വിധിയെഴുതി മതനേതാക്കളെ അധികാരികൾ നാടുകടത്തി. കലാപകാരികൾ കളക്ടറായിരുന്ന എച്ച്. വി. കൊനോലിയെ കൊലപ്പെടുത്തി. [4] ബ്രിട്ടീഷുകാരും ഭൂപ്രഭുക്കന്മാരും കൈകോർത്ത അധികാര കൂട്ടുകെട്ടിനെതിരെ തെക്കേമലബാറിലെ ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിലെ മുസ്ലീങ്ങൾ നടത്തിയ സ്വാഭാവികമായ ഒരു വെല്ലുവിളി മാത്രമായിരുന്നു മലബാർ കലാപങ്ങൾ. ഉപജീവനമാർഗ്ഗത്തിനപ്പുറം യാതൊരുവിധ ആശയങ്ങളും കലാപകാരികളെ സ്വാധീനിച്ചിട്ടില്ല എന്ന് കേശവമേനോൻ വിലയിരുത്തുന്നുണ്ട്.

ഈ സാഹചര്യത്തിലാണ് പാലക്കാട് ജില്ലാ കോൺഗ്രസ്സ് പ്രസിഡന്റായി കെ.പി.കേശവമേനോൻ സ്ഥാനമേൽക്കുന്നത്. അസംതൃപ്തരായ മലബാർ മാപ്പിളമാരുടെ പ്രശ്നങ്ങൾ കോൺഗ്രസ്സിന്റെ ഔദ്യോഗിക വിഷയമായി സ്വീകരിക്കുന്നതിനും സമാധാന സംസ്ഥാപനത്തിനുമായി കേശവമേനോൻ നടത്തിയ ആത്മാർത്ഥശ്രമങ്ങൾ കഴിഞ്ഞകാലത്തിന്റെ ഭാഗമാണ്. അടിക്കടിയുണ്ടായ കലാപങ്ങൾക്ക് വിധേയരായ ഒരു സമൂഹമാണ് മലബാർ സമൂഹം. മാപ്പിളനിയമങ്ങൾ പോലെയുള്ള കരിനിയമങ്ങൾ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത അധികാരികളെ ബോധ്യപ്പെടുത്താൻ അദ്ദേഹം ആവുന്നതു ശ്രമിച്ചു. അക്രമരാഹിത്യ

കോൺഗ്രസ്സ് ഖിലാഫത്ത് പ്രസ്ഥാനങ്ങൾക്ക് ലഭിച്ച അഭൂതപൂർവമായ ജനപിന്തുണയിൽ ഭരണകൂടം വിറളിപിടിച്ചു. സാധാരണക്കാരായ ജനങ്ങളെ നിർദ്ദയമായി മർദ്ദിച്ച് പ്രകോപിപ്പിക്കുകയും അവരെ അക്രമങ്ങളിലേയ്ക്ക് തിരിച്ചുവിടുകയും അതിന്റെ മറവിൽ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയെ തകർക്കുകയുമായിരുന്നു പോലീസിന്റെ കുത്സിതലക്ഷ്യം. ഖിലാഫത്തുകാർക്കിടയിൽ അക്രമരാഹിത്യം അംഗീകരിക്കാത്തവരുടെ നേതാവായിരുന്ന അലിക്കുട്ടി മുസലിയാരും, കുഞ്ഞലവി, ലവക്കുട്ടി തുടങ്ങിയ അനുചരൻമാരും ജനമനസ്സുകളിൽ ഏറെ സ്വാധീനം ചെലുത്തി. അലിക്കുട്ടി മുസലിയാരുടെ ഉപദേശങ്ങൾ കാട്ടുതീപോലെ പരന്നു.

ഏറനാട്ടിലെ തിരൂരങ്ങാടിയിൽ 1921ൽ നടന്ന ലഹള അക്ഷരാർത്ഥത്തിൽ നരനായാട്ട് തന്നെയായിരുന്നു. അകാരണമായി അറസ്റ്റ് ചെയ്യപ്പെട്ട ചില ഖിലാഫത്തു പ്രവർത്തകരെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് മതനേതാക്കളുടെ നേതൃത്വത്തിൽ സ്റ്റേഷനിലെത്തിയ ജനങ്ങളെ തോക്കിന്റെ ഭാഷയിലാണ് അധികാരികൾ നേരിട്ടത്. അവർ കൈയിലുണ്ടായിരുന്ന ആയുധങ്ങളുമായി പട്ടാളക്കാരെ എതിരിട്ടപ്പോൾ ലഹളയ്ക്ക് പരസ്യമായ തുടക്കമായി. മദ്ധ്യസ്ഥശ്രമങ്ങൾക്കായി നിയോഗിക്കപ്പെട്ട കേശവമേനോന് കടുത്ത പ്രതിസന്ധികൾ നേരിടേണ്ടി വന്നു. ലഹളക്കാരെപ്പോലെ നിങ്ങളെയും തൂക്കിലിടേണ്ടതാണെന്നഭിപ്രായപ്പെട്ട വെള്ളക്കാരൻ സാർജന്റിനോട് വേണ്ടിവന്നാൽ തെളിഞ്ഞ മനസ്സോടെ തൂക്കുമരത്തിൽ കയറുവാനും തയാറാണെന്ന് മേനോൻ മറുപടി നൽകി [6]. അവസാന ശ്വാസം വരെ പോരാടുവാനറച്ച ധീരദേശാഭിമാനികളായിരുന്നു മേനോനുൾപ്പെടെയുള്ള ഇന്ത്യൻനാഷണൽ കോൺഗ്രസ്സ് പ്രവർത്തകർ. എന്നാൽ ഈ മധ്യസ്ഥശ്രമങ്ങളോട് മതനേതാക്കൾ സഹകരിക്കാതിരുന്നതും സാധാരണക്കാരെ ഭരിച്ചിരുന്ന അന്ധവിശ്വാസങ്ങളും എല്ലാം ചേർന്നപ്പോൾ മലബാറിലെ സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങൾ അക്രമാസക്തമായിത്തന്നെ നീണ്ടുപോയി. ഇരുപതാം നൂറ്റാണ്ടിലെ മലബാറിന്റെ ചരിത്രത്തിൽ ഏറ്റവും ദുഃഖകരമായ അധ്യായമാണ് മലബാർ ലഹള. മാധ്യസ്ഥശ്രമങ്ങൾക്കായി സഹപ്രവർത്തകരേയും കൂട്ടി ലഹള ബാധിതപ്രദേശളിലേക്കുള്ള യാത്ര കേശവമേനോൻ കഴിഞ്ഞ കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. തോണിയിൽ അക്കരെയ്ക്കുപോകുമ്പോൾ കേട്ട കൂട്ടവാങ്ക് ഈ കൂരിരുട്ടിൽ വിവരിക്കുമ്പാൻ പ്രയാസകരമായ വികാരങ്ങൾ എന്നിലുണ്ടാക്കി. ഇടയ്ക്കിടെ ഓരോ ചൂട്ടുകൾ അവിടവിടെ കാണാമായിരുന്നു. അസംഖ്യം

മിന്നാമിനുങ്ങുകൾ പുഴവക്കത്ത് വൃക്ഷങ്ങളിൽ മിന്നിപ്പറക്കുന്നു. താങ്ങുവാനാ വയ്യാത്ത ഒരു കനം മനസ്സിനെ താഴോട്ട് വലിക്കുന്നതായി തോന്നി. (7)

ലഹളയുടെ ഒരു മുൻനിരപ്പോരാളിയായിരുന്ന കുഞ്ഞലവി ഒരു വാള് കൈയിൽ പിടിച്ചും വേറൊരുവാൾ അരയിൽ തൂക്കിയും പട്ടാളവേഷത്തിലായിരുന്നു കേശവമേനോനെ സമീപിച്ചത്. പട്ടാളത്തിന്റെ വെടി പച്ചവെള്ളമാകും. അലിമുസലിയാർ പള്ളിയിലുണ്ടെങ്കിൽ പള്ളിക്കു വെടിയേൽക്കില്ല തുടങ്ങിയ അന്ധവിശ്വാസങ്ങൾ ലഹളക്കാരെ ഭരിച്ചിരുന്നു. കീഴടങ്ങലിന്റെ ഉപദേശം പോലും അപകടകരമായി മേനോനുതോന്നി. നേതാക്കൻമാർ നിസ്സഹായരായി നോക്കിനിൽക്കെ സംഭവിക്കാൻ പാടില്ലാത്തതെല്ലാം സംഭവിച്ചു. ബ്രിട്ടീഷ് പട്ടാളക്കാരുടെ അന്യായങ്ങളിൽനിന്ന് രക്ഷപ്പെടാൻ വഴിയേതെന്നറിയാതെ വിഷമിക്കുന്ന സാധാരണക്കാരെയാണ് മാധ്യസ്ഥശ്രമങ്ങൾക്കിടയിൽ മേനോൻ അഭിമുഖീകരിച്ചത്. പട്ടാളക്കാരെ തടയാനായി ജനം വഴിനീളെ റോഡിൽ മരം മുറിച്ചിട്ടു. കാൽനടയായി ലഹള പ്രദേശത്തെത്തിയ കേശവമേനോനെയും കൂട്ടരെയും ഇളനീരും അവിലുംകൊടുത്താണ് ജനങ്ങൾ സൽക്കരിച്ചത്. ഉപദേശം കേൾക്കുവാൻ ഒരുക്കമല്ലാത്ത മാനസികാവസ്ഥയിലായിരുന്നു അവർ. പലതരത്തിലുള്ള ആയുധങ്ങൾ ധരിച്ചവർ മേനോനെ കാത്തുനിന്നവർക്കിടയിലുണ്ടായിരുന്നു. പട്ടാളത്തെ സഹായിക്കാനെത്തുന്ന ലോറികൾ തടയുക, ആളുകളെ കൊല്ലുക, ആയുധങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ലഹളയുടെ വ്യാപ്തി വർധിപ്പിച്ചു. അക്രമരാഹിത്യത്തിന്റെ പാത സ്വീകരിക്കാൻ കോൺഗ്രസ്സ് നേതൃത്വം ജനങ്ങളെ ഉദ്ബോധിപ്പിച്ചെങ്കിലും ലഹളക്കാരെ സമാധാനിപ്പിക്കാനായില്ല. അക്രമരാഹിത്യത്തിന്റെ പരിധി എവിടെയാണെന്നറിയാത്ത ജനങ്ങൾ കലാപങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെട്ടു. (8)

ലഹളക്കാരും പട്ടാളക്കാരും ഒന്നുപോലെ സാധാരണ ജനങ്ങളെ കൊള്ളയടിച്ചു. സ്ത്രീകളേയും കുട്ടികളേയും വെട്ടിക്കൊല്ലുക, പുരകൾ ചുട്ടെരിക്കുക തുടങ്ങിയവ സർവസാധാരണമായി അരങ്ങേറി. അപരാധിയും നിരപരാധിയും, ചെറുപ്പക്കാരും വൃദ്ധൻമാരും, സ്ത്രീകളും, പുരുഷന്മാരും, ഒന്നുപോലെ പ്രാണരക്ഷാർഥം വീടും കുടിലും ഉപേക്ഷിച്ച് കാട്ടിലും മലയിലും കഴിയേണ്ടിവന്നു. സമാധാനകാംക്ഷികളെ സ്തബ്ധരാക്കുന്ന സംഭവങ്ങൾ ദിനംപ്രതി മലബാറിൽ സംഭവിച്ചതിന്റെ ചരിത്രം കേശവമേനോന്റെ ആത്മാവിഷ്കരണ ഗ്രന്ഥത്തിലുണ്ട്. തന്റെ ജീവൻപോലും തൃണവൽഗണിച്ചാണ് മേനോൻ ഈ മാധ്യസ്ഥശ്രമങ്ങളിൽ

മുന്നിട്ടുനിന്നത്. അവസാനശ്വാസംവരെ പോരാടുവാനുറച്ച ധീരദേശാഭിമാനികളായിരുന്നു. മേനോനുൾപ്പെടെയുള്ള ഇന്ത്യൻനാഷണൽ കോൺഗ്രസ് പ്രവർത്തകർ ഈ മാധ്യസ്ഥശ്രമങ്ങളോട് മതനേതാക്കൾ സഹകരിക്കാതിരുന്നതും സാധാരണക്കാരെ ഭരിച്ചിരുന്ന അന്ധവിശ്വാസങ്ങളും എല്ലാ ചേർന്നപ്പോൾ മലബാറിലെ സാമൂഹിക, താഷ്ട്രീയസാഹചര്യങ്ങൾ അക്രമാസക്തമായിത്തന്നെ നീണ്ടുപോയി. മലബാർ കലാപങ്ങളിൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഏകാധിപത്യപരമായ നടപടികൾക്കെതിരെ കേശവമേനോൻ മലയാളത്തിൽ ഒരു ലഘുലേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി. ഈ ലഘുലേഖ അച്ചടിച്ചതിന്റെ പേരിൽ കൊച്ചിയിലെ വിദ്യാവിലാസിനി അച്ചുകൂടത്തിനെതിരെ നടപടിയെടുക്കണമെന്ന് മദിരാശി ഗവൺമെന്റ് വാദിച്ചു. അതിനനുവദിക്കുന്ന നിയമം കൊച്ചിയിലില്ലെന്ന് ദിവാൻ മറുപടി നല്കിയിട്ടും മേലിൽ ഇത്തരം കാര്യങ്ങളിൽ സഹകരിക്കയില്ലെന്ന് ഒരുറപ്പ് പ്രസ്സുകാരിൽ നിന്ന് എഴുതിവാങ്ങി. (9) അഭിപ്രായസ്വാതന്ത്ര്യത്തിന് ഇത്രമേൽ കുച്ചുവിലങ്ങുകളേർപ്പെടുത്തിയാണ് ബ്രിട്ടീഷുകാർ സർവാധിപതികളായി ഭരണം നടത്തിയത്. മർദ്ദനമുറകൾക്കെതിരെ ഒന്നു പ്രതികരിക്കുവാൻപോലും ഇൻഡ്യക്കാരന് അവകാശം ലഭിച്ചിരിന്നില്ല.

ബ്രിട്ടീഷ് ഭരണത്തിനെതിരായ ഒരു തുറന്ന യുദ്ധം തന്നെയായിരുന്നു മലബാർ കലാപം. മലകളിലും കാടുകളിലും ഒളിച്ചിരുന്ന ലഹളക്കാർ പതിവായി യുദ്ധമുറകൾ അഭ്യസിച്ചുവന്നു. ബ്രിട്ടീഷുകാരെ വെല്ലുന്ന തന്ത്രങ്ങളാവിഷ്കരിച്ച് ലഹളക്കാർ നടത്തിയ ഗറില്ലായുദ്ധം കലാപകാരികളുടെ ധീരോദാത്തതയ്ക്കും അതേ സമയം തന്നെ ദീർഘവീക്ഷണമില്ലാത്ത സാഹസികതയ്ക്കും ദൃഷ്ടാന്തങ്ങളായിരുന്നു. എതിരാളികളെ കഴിയുന്നത്ര കൊന്നൊടുക്കിയ ശേഷം പിടിക്കപ്പെടുന്ന കലാപകാരികൾ ഷാഹിദ് മാരായി പരിഗണിക്കപ്പെട്ടിരുന്നു. അവർക്ക് വീരസ്വർഗ്ഗം കിട്ടുന്ന കാര്യത്തിൽ സംശയലേശമില്ലായെന്നാണ് പിടിക്കപ്പെട്ട ചില കലാപകാരികൾ മൊഴി നൽകിയത്. (10) ആദ്യഘട്ടങ്ങളിൽ ലഹള ഗവൺമെന്റിനെതിരായ കലാപം മാത്രമായിരുന്നു. എന്നാൽ ഒളിപ്പോർ യുദ്ധം നടത്തിയിരുന്ന ലഹളക്കാരെ കണ്ടു പിടിക്കാൻ ബ്രിട്ടീഷുകാർ ഹിന്ദുക്കളുടെ സഹായം തേടിയതോടെ ലഹളക്കാർ ഹിന്ദുക്കളുടെ നേരെ തിരിഞ്ഞു. അങ്ങനെ ലഹളയ്ക്ക് ഒരു വർഗീയകലാപത്തിന്റെ ഛായ കൈവന്നു. ലഹളയുടെ അന്തിമഘട്ടത്തിൽ അവർ നടത്തിയ അക്രമങ്ങൾ മൂലം അവർക്ക് സ്വസമുദായത്തിലെ ഭൂരിപക്ഷത്തിന്റെയും അനുഭാവം നഷ്ടപ്പെട്ടു. വികാരത്താൽ

നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹം മരിക്കാൻ തയ്യാറായി ലഹളയ്ക്കൊരുങ്ങി യാൽ സംഭവിക്കുന്നതെന്തോ അതെല്ലാം മലബാറിൽ സംഭവിച്ചു എന്ന് കേശവ മേനോൻ വിലയിരുത്തുന്നു ചെയ്തതും ചെയ്യാത്തതുമായ കുറ്റങ്ങൾക്ക് പലർക്കും തടവും വധവും ഒക്കെ അനുഭവിക്കേണ്ടി വന്നു വാഗൺ ട്രാജഡി യോടെ മനുഷ്യത്വഹീനമായ നിലയിലാണ് കലാപം അമർച്ച ചെയ്യപ്പെട്ടതെ ന്ന് മേനോൻ വ്യസനിക്കുന്നു വിയർപ്പിലും മൂത്രത്തിലും മലത്തിലും കിടന്നുപിട യുന്ന തൊണ്ണൂറുമനുഷ്യക്കോലങ്ങളുടെ ദാരുണമായ അന്ത്യനിമിഷങ്ങളെ പ്പറ്റി അദ്ദേഹം കഴിഞ്ഞകാലത്തിൽ രോഷംകൊള്ളുന്നു.(11)

കലാപം തുടങ്ങിയതുമുതൽ തന്നെ അസ്വസ്ഥപ്രദേശങ്ങളിൽനിന്ന് സർവ വുമുപേക്ഷിച്ച് ഒട്ടേറെ കുടുംബങ്ങൾ കോഴിക്കോട്ടും തൃശ്ശൂരും എത്തിച്ചേർന്നു. ഈ അഭയാർത്ഥികൾക്ക് ആശ്വാസം പ്രദാനം ചെയ്യുവാൻ കോഴിക്കോട്ട് കെ. പി കേശവമേനോന്റെ നേതൃത്വത്തിലും തൃശ്ശൂരിൽ കുറൂർ നീലകണ്ഠൻ നമ്പൂതി രിപ്പാടിന്റെ നേതൃത്വത്തിലും നിരവധി ക്യാമ്പുകൾ പ്രവർത്തിച്ചു. പുനരധിവാസ പ്രവർത്തനങ്ങൾക്ക് വി.ആർ.നായരും നേതൃത്വം നൽകി. (12)

ലഹളയെപ്പറ്റി മേനോന്റെ സുചിന്തിതമായ അഭിപ്രായം അത് പോലീസ് മർദ്ദനത്തിൽ നിന്ന് ഉടലെടുത്തതാണ് എന്നാണ്. ഖിലാഫത്തു പ്രസ്ഥാനത്തെ അടിച്ചമർത്തുവാൻ അധികാരസ്ഥന്മാർ അക്രമത്തിന്റെ മാർഗ്ഗം സ്വീകരിച്ചപ്പോൾ ജനം അക്രമംകൊണ്ടുതന്നെ അതിനെ നേരിട്ടു. ലഹളക്കാരുടെ കടുത്ത ദാരി ദ്ര്യവും ജന്മികളിൽ നിന്ന് സഹിക്കേണ്ടിവന്ന മർദ്ദനങ്ങളും ലഹളയ്ക്ക് അടിസ്ഥാ നകാരണങ്ങളായിരുന്നു. ലഹളക്കാലത്തുനടന്ന മതപരിവർത്തനശ്രമങ്ങളെപ്പറ്റി ഹിന്ദുപത്രത്തിന്റെ ഒരു ചോദ്യത്തിന് കേശവമേനോൻ ഉത്തരം നൽകേണ്ടതായി വന്നു. നിർബന്ധിച്ചുള്ള മതംമാറ്റങ്ങൾ നടന്നു എന്ന സത്യം മേനോൻ തുറന്നു പറഞ്ഞു.(13) ഇത് ഒരുവിഭാഗം ജനങ്ങളിൽ അതൃപ്തി ജനിക്കാൻ കാരണമായി. കോഴിക്കോട് രാജാജി കടപ്പുറത്തുനടന്ന ഒരു യോഗത്തിൽ മേനോന്റെ പ്രസംഗം ചിലർ കൂവിവിളിച്ച് അലോസരപ്പെടുത്തി. ഒരുവശത്ത് ജനരോഷവും മറുവ ശത്ത് വിദേശസർക്കാരിന്റെ ക്രൗര്യവും ഒരേസമയത്ത് അദ്ദേഹത്തെ വേട്ടയാടി. അപ്പോഴും വ്യക്തിസുഖങ്ങളെയും കുടുംബകാര്യങ്ങളെയും തൃണവൽഗണിച്ച് നാടിനുവേണ്ടിയും നാട്ടുകാർക്കുവേണ്ടിയും അദ്ദേഹം പ്രവർത്തിച്ചു.

ഖിലാഫത്ത് പ്രസ്ഥാനത്തിന് പിന്തുണ നൽകി ഇത്ര ഭീകരമായ ഒരു വിപ്ലവത്തിന് വഴിതെളിച്ചത് കോൺഗ്രസ്സുകാരാണെന്ന് ഗവൺമെന്റ് പ്രചരിപ്പിച്ചു. ഹിന്ദു ജനങ്ങൾ ഈ തെറ്റിദ്ധാരണയെ വിശ്വസിക്കുകയും ചെയ്തു. മലബാറിലെ ഖിലാഫത്ത് പ്രസ്ഥാനത്തെ ഒരു സാമുദായിക ലഹളയാക്കി മാറ്റാൻ ബ്രിട്ടീഷ് ഭരണകൂടം നടപ്പാക്കിയ സംഘടിതശ്രമം വിജയിച്ചു.

ഇന്ത്യൻനാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഒട്ടേറെ യുവാക്കൾ പങ്കെടുത്തു. നാടിന്റെ നാനാഭാഗത്തുനിന്നും മഹാത്മജിയുടെ പരിശ്രമത്താൽ സാമ്പത്തികസഹകരണങ്ങൾ ലഭിച്ചു. ഇത് ദേശീയപ്രസ്ഥാനത്തെ പൂർവ്വാധികം ശക്തിപ്പെടുത്തി. കേശവമേനോന്റെ നേതൃത്വത്തിൽ ധാരാളം യുവാക്കൾ സാമൂഹ്യസേവനത്തിന്റെ ബാലപാഠങ്ങൾ പരിശീലിച്ചു. വെള്ളക്കാരിൽ ചിലർതന്നെ ഇൻഡ്യാക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുകയും എല്ലാ വിഭാഗത്തിലും പെട്ട ജനങ്ങൾക്ക് ആശ്വാസമായി മാറുകയും ചെയ്തു. ഹിന്ദുക്കൾക്ക് മാത്രമല്ല. ലഹളമൂലം ശിക്ഷിക്കപ്പെട്ടവരും വധിക്കപ്പെട്ടവരും നാടുകടത്തപ്പെട്ടവരുമായ മുസ്ലീങ്ങളുടെ കുടുംബങ്ങൾക്കും ദുരിതാശ്വാസകമ്മറ്റിയിൽ നിന്ന് സഹായം ലഭിച്ചു. വിദേശഭരണത്തിൽനിന്ന് മോചനം നേടിയാലേ ദാരിദ്ര്യവും പട്ടിണിയും മാറുകയുള്ളൂ എന്ന വിശ്വാസമാണ് മലബാറിൽ ദേശീയ പ്രസ്ഥാനത്തെ വളർത്തിയത്. മറിച്ച് മതചിന്തകളോ ശക്തമായ രാഷ്ട്രീയ ആശയങ്ങളോ ജനമനസ്സിനെ മഥിക്കുകയോ കീഴ്പ്പെടുത്തുകയോ ഉണ്ടായിട്ടില്ല. ബ്രിട്ടീഷ്കാരുടെ അധിനിവേശരാഷ്ട്രീയതന്ത്രവിജയമാണ് മലബാറിനെ കലാപഭൂമിയായി പരിവർത്തനം ചെയ്തത്. ഈ ലഹളയും ലഹളസ്മാരകങ്ങളും നമുക്കൊരു താക്കീതായി കരുതണമെന്ന് കഴിഞ്ഞകലാകാരൻ ഓർമിപ്പിക്കുന്നു.(14) സാമൂഹികമാനം മുൻനിർത്തി എഴുതിപ്പെടുന്ന കൃതികളുടെ ലക്ഷ്യവും മറ്റൊന്നല്ല.

## കുറിപ്പുകൾ

1. പിള്ള എ.കെ. കേരളവും കോൺഗ്രസും പുറം 81
2. റ്റി.വി.കെ. (വിവ) മലബാർകലാപം അടിവേരുകൾ വിവർത്തകൻ എഴുതിയ ആമുഖം
3. Ibrahim Kunju API. 'Mysore Kerala Relatationts' in the 18th century. P.68
4. Kareem C.K. 'Kerala and Her Culture - An Introduction'. P.21
5. കേശവമേനോൻ കെ.പി. കഴിഞ്ഞകാലം. പുറം 90
6. ടി. പുറം. 93

7 ടി.പുറം 101

8 Prof. Conrad Wood ഉം കെ.എം.മുഹമ്മദ് ഹാജിയും തമ്മിൽ 1974-Dec-28ന് ആനക്കയത്തുവച്ചു നടന്ന അഭിമുഖസംഭാഷണം. ട്ടി.വി.കെ.(വിവ) മലബാർകലാപം അടിവേരുകൾ പുറം 194

9. പ്രതിഷേധങ്ങൾ എന്ന പേരിൽ കെ.പി.കേശവമേനോൻ നടത്തിയ കേരള കോൺഗ്രസ്കമ്മറ്റിയുടെ ഔദ്യോഗിക പ്രസ്താവനയിൽനിന്ന്. സർ സി ശങ്കരൻനായർ ഗാന്ധിയും അരാജകത്വവും. പുറം 137

10 Panikkar K.N. Kerala State Gazatteer. Vol.II Part II 'Peasant Revolts in Malabar' P.430

11. കേശവമേനോൻ കെ.പി. കഴിഞ്ഞകാലം പുറം 107

12. സുകുമാരൻനായർ പി.സി, സുധാകരൻ പി.എം.- മാതൃഭൂമിയുടെ ചരിത്രം (സംഗ്രഹം) പ്ലാറ്റിനം ജൂബിലി പ്രസിദ്ധീകരണം. മാതൃഭൂമി പബ്ലിക്കേഷൻസ് കോഴിക്കോട് 673001 പുറം 40

13. കേശവമേനോൻ കെ.പി. കഴിഞ്ഞകാലം ടി.പുറം.110

14. ടി. പുറം. 114

## ഗ്രന്ഥസൂചി


1. എ.കെ.പിള്ള കേരളവും കോൺഗ്രസും എൻ.ബി.എസ്. 1935
2. A.P.I. Ibrahim Kunju 'Mysore Kerala Relatations in the 18th century' Published by the Kerala Historical Society, Trivandrum 1975
3. C.K.Kareem 'Kerala and Her Culture - An Introduction'. printed at the St. Josephs Press, for the Govt. of Kerala 1971
4. K.N. Panikkar 'Kerala State Gazatteer. Vol.II Part II, State Gazatteer 1908, published by the Govt of India
5. കെ.പി. കേശവമേനോൻ കഴിഞ്ഞ കാലം മാതൃഭൂമി ബുക്സ്, കോഴിക്കോട് 1966
6. പി.സി. സുകുമാരൻനായർ & പി.എം. സുധാകരൻ മാതൃഭൂമിയുടെ ചരിത്രം - സംഗ്രഹം പ്ലാറ്റിനം ജൂബിലി പ്രസിദ്ധീകരണം മാതൃഭൂമി പബ്ലിക്കേഷൻസ് 2000, കോഴിക്കോട്
7. Sir C. Sankaran Nair 'Gandhi & Anarchy', Published by Mittal Publications Daryaganj. New Delhi, 110002 in the year 1922.
8. ട്ടി.വി.കെ.(വിവ) മലബാർകലാപം അടിവേരുകൾ പ്രഭാത് ബുക്സ്, പാലക്കാട്. 2017